# മുതിർന്നവർക്കുള്ള ശബ്ബത്ത് സ്കൂൾ പാഠങ്ങൾ

# യെശയ്യാവ്

ഒന്നാം ക്വാർട്ടർ

(ജനുവരി, ഫെബ്രുവരി, മാർച്ച്)

2021

# ISAIAH

(Malayalam)


*Principal Contributor* : **Roy E. Gane**
*Translated by* : **Vincent Francis**

*Director* : **Soey Thomas**
*Editorial Board* : **S. Jacob, Soey Thomas**
*Published by* : Sabbath School Department
SWIU of Seventh - day Adventists,
Evergreen Lane, Moospet Road,
Thrissur - 680 005
Tel: 0487 2440341, 9495955082
Email: swiusda5@gmail.com
soeytom@gmail.com



*Copyright @ 2021 Publishers*



*Printed at* : Ebenezer Printpack (P) Ltd.
(On behalf of OWPH)
Thrissur - 680 012, Kerala
Tel: 0487 2361892, 2360992

Copies : 4500

Price : 20/-

# എന്റെ ജനങ്ങളെ ആശ്വസിപ്പിക്കുവിൻ

അതിന്റെ ആദ്യ ഉരുവിടൽ മുതൽ യെശയ്യാ പ്രവാചകന്റെ വാക്കുകൾ നമ്മുടെ മനസ്സാക്ഷിയിൽ കൊത്തിവയ്ക്കുകയോ, പതിക്കുകയോ ചെയ്തിട്ടുണ്ട്. അവിടെ മറക്കാനാവാത്ത വാക്കുകളുണ്ട്. അർത്ഥം മാത്രമല്ല പിന്നെയോ പ്രത്യാശയും വാഗ്ദത്തവും നിറഞ്ഞവ. "ദൈവം നമ്മോടുകൂടെ" (യെശയ്യാവ് 7:14). "നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു" (യെശയ്യാവ് 9:6). "എല്ലാ താഴ്വരയും നികന്നു വരേണം" (യെശയ്യാവ് 40:4). "എന്നാൽ അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേറ്റും നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നും ഇരിക്കുന്നു; നമ്മുടെ സമാധാനത്തിനായുള്ള ശിക്ഷ അവന്റെമേൽ ആയി അവന്റെ അടിപ്പിണരുകളാൽ നമുക്ക് സൗഖ്യം വന്നുമിരിക്കുന്നു" (യെശയ്യാവ് 53:5) എന്നതുപോലുള്ള വാക്കുകളും.

വാക്കുകൾ ചിത്രങ്ങളും, രൂപങ്ങളും, പ്രതിധ്വനികളും സൃഷ്ടിക്കുന്നു; നിസ്സാര വാക്കുകൾ ബലഹീന ചിത്രങ്ങളും ശക്തമായ വാക്കുകൾ ശക്തവും വ്യക്തവുമായ ചിത്രങ്ങളും. ആയതിനാൽ 27 നൂറ്റാണ്ടുകൾക്കുശേഷവും യെശയ്യാവിന്റെ ശക്തമായ വാക്കുകൾ നമ്മോട് ഉറക്കെ സംസാരിക്കുന്നു.

മിശിഹായെക്കുറിച്ചുള്ള ഒരു വ്യക്തമായ ചിത്രം മറ്റെവിടെയും ഇല്ലാത്ത വിധം പഴയനിയമത്തിൽ (യെശയ്യാവ് 52:13–53:12) കാണുന്നു. അതിനാൽ അവൻ "സുവിശേഷ പ്രവാചകൻ" എന്ന് അറിയപ്പെടുന്നു.

ഇതിനുപുറമെ, പേർഷ്യൻ രാജാവ് ബാബിലോൺ കീഴടക്കുന്നതിന് 150 വർഷങ്ങൾ മുമ്പു തന്നെ, കോരെശിന്റെ പേരെടുത്ത് പറയുന്ന അവന്റെ പ്രവചനം അത്ര കൃത്യമായതുകൊണ്ട് ചില പണ്ഡിതന്മാർ യെശയ്യാവിന്റെ ഏറിയപങ്കും പില്ക്കാലത്തുള്ള ഒരു "രണ്ടാം യെശയ്യാവ്" എന്ന് വിശേഷിപ്പിച്ചിട്ടുണ്ട്. മനുഷ്യഭാവനയ്ക്ക് അപ്പുറം കാണാനാകാത്തവരുടെ ഒരു പൊള്ളയായ സൃഷ്ടി.

മറ്റെങ്ങും കാണാനാകാത്ത വ്യക്തമായ പ്രതിബിംബങ്ങളുടെ സംയോജനവും തുലനം ചെയ്യാനാകാത്ത പദ്യതാളവും സന്തുലിതാവസ്ഥയും ബിഥോവന് തുല്യമായ നാടകീയ വൈരുദ്ധ്യങ്ങളും അഗാധമായ വിഷയങ്ങളുടെ ആവർത്തനവും ഒരു സംഗീതവിരുന്നുപോലെ വികസിക്കുകയും വ്യാപിക്കുകയും ചെയ്യുന്നതിലൂടെ, ആകാശം ഭൂമിക്കുമീതെ ഉയർന്നിരിക്കുന്നതുപോലെ (യെശയ്യാവ് 55:9 കാണുക) ഭൗതികചിന്തയ്ക്കു മീതെ ഉയർന്നിരിക്കുന്ന ദിവ്യമായ ചിന്തകൾക്കുള്ള ഒരു മൂല്യമുള്ള സാഹിത്യമാധ്യമമാണ് യെശയ്യാവിന്റെ പുസ്തകം.

വിവർത്തനത്തിൽ വാക്കുകളുടെ പ്രയോഗവും താളാത്മകതയും നഷ്ടമായിട്ടുണ്ടെങ്കിലും സാഹിത്യത്തിന്റെ ചരിത്രത്തിൽ, ആത്മീയവും ഭൗതികവും യെശയ്യാവിന് തുല്യമായി ഒന്നുമില്ല.

അവന്റെ വാക്കുകൾ വളരെ വാചാലവും വളരെ കാവ്യാത്മകവും വളരെ വികാര പരവും ശക്തവുമാണെന്ന് നമുക്കറിയാം. എന്നാൽ യെശയ്യാവ് എന്ന വ്യക്തി ജീവി ച്ചതും എഴുതിയതുമായ സമയത്ത് പ്രാർത്ഥിക്കുകയും പ്രവചിക്കുകയും ചെയ്യുമാ യിരുന്നെന്ന് നമുക്കറിയാമോ?

ക്രൂരമായ അശൂർ സാമ്രാജ്യം അധികാരത്തിന്റെ പാരമ്യത്തിൽ എത്തിയപ്പോൾ, അത് തകർത്തു തരിപ്പണമാക്കുന്ന കഷ്ടതയുടെ സമയമായിരുന്നു. ഇതിലും മോശ മായി, തിരഞ്ഞെടുക്കപ്പെട്ട യെഹൂദായിലെ ജനങ്ങൾ ധാർമ്മിക ബലഹീനതയിലേക്ക് കൂടുതൽ ആഴ്ന്നുകൊണ്ടിരിക്കയായിരുന്നു. ആർത്തിയും ദുരിതവും തെരുവുകളിൽ പോരടിച്ചു. നിലനില്പിനും ധനത്തിനുമായുള്ള അവരുടെ പോരാട്ടത്തിൽ, ചിലർ വ്യർത്ഥമായ ആത്മവിശ്വാസത്തിൽ ആറാടുകയും മറ്റുള്ളവർ നിരാശയിൽ വാടി പോകയും ചെയ്തു. തന്റെ രാഷ്ട്രത്തിന്റെ വ്യക്തിത്വം നിലനിർത്തുന്നതിനായി ഒന്നു മില്ലായ്മയിൽനിന്ന് ഒരു ശേഷിപ്പിനെ ദുഃസ്ഥിതിയിൽ നിന്നും കരകയറ്റി യാഥാർത്ഥ്യ ത്തിലേക്കു നയിച്ചു. യിസ്രായേലിന്റെ പരിശുദ്ധനെ ദർശിക്കുന്നതിനായി, ആകാശ ത്തിന്റെയും ഭൂമിയുടെയും സ്രഷ്ടാവും അവരുടെ പേരുകൾ അറിയുന്നവനും അവരെ തീയിൽനിന്നും വീണ്ടെടുക്കാമെന്ന് വാഗ്ദത്തം ചെയ്തവനുമായവനെ അനുസരി ക്കാനും ആഹ്വാനം ചെയ്തു.

യെശയ്യാവ് രാജാക്കന്മാരെ ഉപദേശിച്ചു, അസീര്യൻ സൈന്യങ്ങളാൽ നശിപ്പിക്ക പ്പെട്ട ഒരു പട്ടണത്തിലേക്കു മാത്രം ഒതുങ്ങിക്കൂടിയ ദൈവത്തിന്റെ ശേഷിപ്പിന്റെ നേരിയ ചരട് ഈ പട്ടണത്തിലേക്കു മാത്രം ഒതുങ്ങിയപ്പോൾ, യെശയ്യാവിന്റെ പ്രാവ ചനിക വാക്കുകളാണ് ഹിസ്ക്കീയാവ് രാജാവിനെ യെരൂശലേമിന്റെ ഏക പ്രത്യാശ യായ ആ അത്ഭുതത്തിലേക്കു നോക്കുവാൻ ശക്തനാക്കിയത് (യെശയ്യാവ് 36,37). നൂറു വർഷങ്ങൾക്കുശേഷം ബാബിലോണിയർക്കു മുമ്പിൽ തോറ്റതിനു പകരം ഇപ്പോൾ അവർ നിലം പതിച്ചിരുന്നെങ്കിൽ, കീഴടക്കിയവരെ ചിതറിച്ചുകളയുന്ന അസ്സീ ര്യയുടെ തന്ത്രം യെഹൂദായുടെ രാഷ്ട്രീയ വ്യക്തിത്വം തന്നെ ആവിയായി പോയേനെ. അങ്ങനെയെങ്കിൽ, ലോകത്തിന്റെ രക്ഷകനായ മിശിഹ വരേണ്ടിയിരുന്ന യെഹൂദാ ജനം തന്നെ ഉണ്ടാകുമായിരുന്നില്ല.

ഈ ക്വാർട്ടറിൽ, നാം യെശയ്യാവിനെയും അവന്റെ വാക്കുകളെയും അവന്റെ കാലങ്ങളെയും അവന്റെ ധർമ്മ സങ്കടത്തെയും എന്നാൽ ഏറ്റവും പ്രധാനമായി, അന്നത്തെ പോലെ തന്നെ ഇന്നും നമ്മോട് “ഭയപ്പെടേണ്ട, ഞാൻ നിന്നെ വീണ്ടെടു ത്തിരിക്കുന്നു, ഞാൻ നിന്നെ പേർ ചൊല്ലി വിളിച്ചിരിക്കുന്നു. നീ എനിക്കുള്ളവൻ തന്നെ” (യെശയ്യാവ് 43:1) എന്ന് നമ്മോടു പറയുന്നവനെയും കാണാൻ പോകയാണ്.

മിഷിഗണിലെ, ബെറിൻ സ്പ്രിങ്സിലുള്ള ആൻഡ്രൂസ് സർവ്വകലാശാല ക്യാംപ സ്സിലെ സെവന്ത് ഡേ-അഡ്വെന്റിസ്റ്റ് ദൈവശാസ്ത്ര സെമിനാരിയിലെ പഴയനിയമ അദ്ധ്യാപകനും എബ്രായഭാഷാ പണ്ഡിതനുമാണ് ഡോ. റോയ് ഗെയ്ൻ.

പ്രസാധകർ

# ഉള്ളടക്കം

പേജ്

1 വ്യക്തിത്വത്തിന്റെ പ്രതിസന്ധി
ഡിസംബർ 26 - ജനുവരി 1 .......... 7

2 നേതൃത്വത്തിന്റെ പ്രതിസന്ധി
ജനുവരി 2 - 8 .......... 14

3 നിങ്ങളുടെ ലോകം തകർന്നു വീഴുമ്പോൾ
ജനുവരി 9 - 15 .......... 21

4 കഠിനമായ വഴി
ജനുവരി 16 - 22 .......... 28

5 ശ്രേഷ്ഠനായ സമാധാന പ്രഭു
ജനുവരി 23 - 29 .......... 35

6 ദൈവമായി നടിക്കുന്നു
ജനുവരി 30 - ഫെബ്രുവരി 5 .......... 42

7 അശ്ശൂര്യരുടെ പരാജയം
ഫെബ്രുവരി 6 - 12 .......... 49

8 "എന്റെ ജനങ്ങളെ ആശ്വസിപ്പിക്കുവിൻ"
ഫെബ്രുവരി 13 - 19 .......... 56

9 സേവിക്കാനും രക്ഷിക്കാനും
ഫെബ്രുവരി 20 - 26 .......... 63

10 ചിന്തിക്കാനാവാത്തത് ചെയ്യുന്നു
ഫെബ്രുവരി 27 - മാർച്ച് 5 .......... 70

11 സ്നേഹം വളർത്തുന്നു
മാർച്ച് 6 - 12 .......... 77

12 ജാതികളുടെ പ്രത്യാശ
മാർച്ച് 13 - 19 .......... 84

13 പുതിയ ഭൂഗോളത്തിന്റെ പുനർജന്മം
മാർച്ച് 20 - 26 .......... 91